രാളും ഈ ബില്ലിന്റെ തത്വത്തോട് യോജിക്കാതിരിക്കയില്ല. ഇതിൽ എന്തെങ്കിലും രചനാസംബന്ധമായ തെറ്റുകളുണ്ടെങ്കിൽ അതു് സിലക്ട് കമ്മിറ്റിയിൽ വെച്ചു് മാറ്റാവുന്നതാണു്. തല്ക്കാലം ബിൽ ഈ ഘട്ടത്തിൽ സഭ സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Deputy President: I think the Government had an idea to give some sort of protection to the debtors by leaving some portion of a person's property unattachable by amending the insolvency law or something like that.

Mr. M. Sivarama Menon *(Advocate-General):* Yes. That has been passed by this House and accepted by the Government. Already that Act has been brought into force.

Mr. A. V. Moothedan *(Chalakkudi):* That amendment is useless.

Mr. K. M. Ibrahim *(Cranganur):* That becomes useful, only if one becomes insolvent.

Mr. M. Sivarama Menon *(Advocate-General):* That is a different point altogether.

The motion that the Bill be read in Council was put and lost, 14 voting for and 19 against

RESOLUTIONS

Resolution No. 26—*(cont.)*

Revision of Tenancy Legislation

Mr. A. V. Moothedan *(Chalakkudi):* Sir, the motion before the House is: "*This Council recommends to the Government that early legislation may be taken up for revising the Tenancy Act with a view to make it more equitable to the tenants*". Mr. Mathai emphasises upon one point, that is, regarding the inequity in the matter of renewal fees. I have got three points to stress. One is regarding the apportionment of value, in case a *kanam* land is acquired by Government. According to the present law as laid down in 12 Cochin, when a *kanam* land is acquired, the apportionment is made as follows.—

Suppose the whole price of a land is Rs. 1,000 and the *kanam* amount is Rs. 200. Then two hundred rupees is given to the tenant. Suppose the tenant's share of the value of the improvement is Rs. 300, that also goes to the tenant. Therefore he gets some Rs. 500. Then twenty-five times the capitalized value of *michavaram* goes to the *jenmi*. If the *michavaram* is Rs. 10, it may come to 250 rupees. Then there will be a balance of Rs. 250. That is divided equally in the ratio of 1 : 1. What I submit to the House is that that law

LIBRARY ARCHIVES Kerala Legislative Assembly

is very old. That law was laid down several years ago, when the rights of landlords and tenants were very different. The rights of the tenants have been very much enhanced now by several legislations, so much so, that the law laid down in 12 Cochin ought to be changed. I had several times before introduced Bills for amending tenancy law, but they were all rejected. I suggest as a *via media* that 75 per cent of the amount should be given to the tenant and 25 per cent to the landlord in case of acquisition.

Let us now examine the rights of the landlord under the Tenancy Act. Under the Tenancy Act, the right of the landlord is to receive *michavaram* so far as the *kanam* lands are concerned. He has no right to get possession of the property. He has every year to receive *michavaram* and after 12 years to get the renewal fees. If that is so, when such a land is acquired, why should he get the balance or half of that? The rights so far as the landlords are concerned are only illusory. But in the case of the tenant his rights are very real. Therefore what I submit is, the principle of apportionment of price of the *kanam* lands should be revised.

My second point is regarding the redeemability of certain *kanam* lands. According to section 23 of the Tenancy Act, the provisions contained in sections 24 to 26, both inclusive shall apply to *kanam* demises made on or before 1st Thulam 1090. That is the procedure laid down in the Act. Therefore those provisions will apply only to *kanams* created before 1090. The result is in the case of *kanams* created after 1090 the tenants can be evicted from their holdings. Now there is a proposal by His Highness the Maharaja to give fixity of tenure even to the *verumpattam* tenants. Then I ask, what is the meaning in saying that *kanam* tenants should be evicted? That is a bit absurd on the face of it. Therefore all *kanams*, whatever may be the date of execution, should be made irredeemable. That is only a corrollary of the proposal of the Government to give fixity of tenure to the *verumpattam* tenants.

My third suggestion is this, in our State there are several kinds of tenures, *otti*, *adima*, *anubhogam*, etc. Then there are the *kanam* tenures and the *verumpattam* tenures. All these old tenures are relics of medieval times. If you examine the *adima* tenures, you will find that sometimes they have been made in the following manner. A woman may have to sweep her master's court-yard. For that purpose some land is given on *adima*. Where is the master now, and where is his court-yard after so many centuries? It is quite meaningless. These are all feudal ideas which are not suitable for present times. We must have only one tenure now. The *verumpattam* tenure and no other tenure. That is my

LIBRARY ARCHIVES Kerala Legislative Assembly

suggestion. This old antiquarian and antideluvian ideas should be done away with. How can you make an end of *kanam* tenures? My scheme is this. Government are already making a legislation. Why not you make provision enabling the *kanam* tenants to acquire the rights of the *jenmi*, not by expropriatory methods as in Russia, but by giving proper compensation? They must be given option to acquire the rights of the landlord, or the landlord should be given option to sell his rights to the tenant. If necessary the tenant should be given some time within which he should pay the amount. In that case there will be only one kind of tenure.

Mr. T. P. Poulose *(Kanayannur):* Suppose both fail to pay within the time?

Mr. A. V. Moothedan *(Chalakkudi):* You are imagining things. If both fail, Government may acquire and become the landlord. Then the lands will become *pandaravaka* properties. There won't be such cases of both failing.

These are the three suggestions I wish to place before the House for careful consideration.

* മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അതോടുകൂടി ഇന്നു നമ്മുടെ നാട്ടിൽ നിലവിലുള്ള ഭൂനിയമങ്ങളുടെ അപര്യാപ്തതയെക്കുറിച്ചു് ഈ സഭയെ ഉൽബോധിപ്പിക്കേണ്ടതു ആവശ്യമാണെന്നു തോന്നുന്നു. ഇവിടെ ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പ്രസ്താവിച്ചതു പോലെ കൃഷി ചെയ്യുന്നവക്കും ഗവമ്മെണ്ടിനും മദ്ധ്യവർത്തികളായി പലതരത്തിലുള്ള ആളുകളെയാണു് നാം കാണുന്നതു്. ഇന്നത്തെ ജന്മികുടിയാൻ നിയമം വാസ്തവത്തിൽ പരിണതമായ ഒരു രാജ്യത്തിന്നൊ ജനസമുദായത്തിന്നൊ യോജിച്ചതാണെന്നു പറയുവാൻ നിവ്വാഹമില്ല. ഒരുകാലത്തു ഭൂമിയെല്ലാം പരശുരാമൻ വീണ്ടെടുത്തതാണെന്നുള്ള അവാസ്തവകഥകൾ ജനങ്ങളെ വിശ്വസിപ്പിച്ചതിന്റെ ഫലമായിട്ടോ അഥവാ ഈ രാജ്യത്തിലെ കൃഷിചെയ്യുന്നവരുടെ അവകാശങ്ങൾ പിടിച്ചു പററി അതുകൊണ്ടു ഗുണാനുഭവങ്ങൾ അനുഭവിച്ചിരുന്ന ആളുകൾ ഉണ്ടാക്കിയ നിയമങ്ങളുടെ പ്രാബല്യത്താലൊ വാസ്തവത്തിൽ ഭൂമിയെ വിഭവസമൃദ്ധമാക്കിയ കർഷകനു പലവിധവും നിയമസംബന്ധമായ വിഘ്നങ്ങളാണു വന്നുകൂടിയിരിക്കുന്നതു്. കോടതികളിൽ പരിചയിക്കുന്ന ആളുകൾക്കു ഇവിടത്തെ ജന്മികുടിയാൻ നിയമത്തിന്റെ ഭയങ്കരത ദൈനംദിനമെന്നോണം അറിയുവാൻ ഇടയുള്ളതാണു്. ജന്മിക്കു ഭൂമിയുടെ ഉല്പന്നത്തിന്റെ യാതൊരുവിധത്തിലും ബന്ധമില്ലാത്ത രീതിയിലുള്ള മിച്ചവാരം, ഉല്പന്നത്തിന്റെ വിലക്കുറവു കൂടുതലിനെ യാതൊന്നും പരിഗണിക്കാതെ ഒരുകാലത്തു നിശ്ചയിക്കപ്പെട്ട മിച്ചവാരം കൊടിയാൻ ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നു. പന്തീരാണ്ടു കഴിഞ്ഞ ഒരു ദാരകീയനിയമം നമ്മുടെ സ്റ്റാറ്റ്യൂട്ട് ബുക്കിൽ ഉണ്ടു്. അതൊന്നും പോര, കുടിയാൻ ജന്മിക്കു കൊല്ലത്താൽ ഇത്ര ഇല കൊടുക്കണം, വാഴക്കുല കൊടുക്കണം എന്നൊക്കെ തുടങ്ങി ജന്മിയുടെ മേധാവിത്വത്തിൽ കുടിയാന്റെ അഭിമാനത്തെ ബലികഴിക്കുവാൻ കുടിയാനെ നിബ്ബന്ധിക്കുന്ന വ്യവസ്ഥകളും ഇന്നത്തെ ആധാരങ്ങളിൽ കാണുവാൻ സാധിക്കും. അതു വാസ്തവത്തിൽ രാജ്യത്തിലെ ജനങ്ങളുടെ അഭിമാനത്തെ ക്ഷത

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടത്തി ഭൂമിയുടമ അനുഭവിക്കുന്ന ഒരു വസ്തുത്തിന്റെ പ്രാബല്യത്തെ രക്ഷിക്കുന്നതിനു നാം സമ്മതിച്ചു കൊടുക്കുന്നതിനു തുല്യമായിരിക്കും. അതുകൊണ്ടു് ഈ രാജ്യത്തു ഒരു യഥാർത്ഥ ജനകീയഭരണം സ്ഥാപിതമാകണമെങ്കിൽ, കർഷകന്മാർക്കു ഇവിടത്തെ രാഷ്ട്രീയമണ്ഡലത്തിൽ ശരിയായ ഒരു സ്ഥാനം ലഭിക്കണമെങ്കിൽ നമ്മുടെ ഭൂമിയുടമനിയമം ഉടച്ചു വാർക്കേണ്ടതു അത്യാവശ്യമാണു്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ കൊടുങ്ങല്ലൂർ മുസ്ലീം മെമ്പർ ഇവിടെ അവതരിപ്പിച്ച ബില്ലിനു വന്ന ഭേദഗതിയും ഈ പ്രമേയത്തിനും ഉണ്ടാകുകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

Mr. A. Madhava Prabhu *(Diwan Peishkar):* The resolution is too vague in itself so that Government find it very difficult to accept the resolution as it stands. We cannot dive into the heart of the mover....

Mr. V. J. Mathai *(Planters):* I have only one heart.*(Laughter).*

Mr. A. Madhava Prabhu *(Diwan Peishkar):* ....to understand on what all points he wants the Government to amend the tenancy law to bring it on more equitable terms, according to his own lights. The resolution runs thus.—"*This Council recommends to the Government that early legislation may be taken up for revising the Tenancy Act with a view to make it more equitable to the tenants.*" The question whether a particular legislation is equitable or not and if not equitable upon what all points it is not equitable is a matter on which opinion will vary according to the number of persons who discuss this subject. Why I lay so much emphasis on this aspect of the question is, our first tenancy legislation here was in the year 1090. The next legislation came in after 23 years of experience, in 1113. I am told—I am not quite certain—that that Act is the outcome of a Bill that was introduced in this Council, not by the Government, but by some non-official member. Therefore we must take it that almost all inequities which were in existence till that time were attempted, according to the views of the then Council, to be removed. The two or three inequities if they are inequities which Mr. Moothedan spoke of now, that is, the one having reference to the renewal fees, and the other having reference to the apportionment of land value, were in existence at that time. The 12 Cochin case about which he spoke in his speech was a decision which came into existence more than 20 years ago, and the Council sitting in consideration of that Bill in 1113 never thought that that was an aspect of the question on which they should direct their attention. I do not mean to say that if that Council did not think it to be necessary, it should not now be thought of as inequitable to a subsequent Council. That is not my object. My object in pointing out this is that what appears to be equitable to one set of people may appear to be inequitable to another set of people. That is why

LIBRARY ARCHIVES Kerala Legislative Assembly

I say that it is not possible for the Government to understand what according to the people of the mover's views is equitable while it may not be equitable according to the views of another set of people. The best therefore that can be done in matter of this nature is for those who feel certain matters to be inequitable to bring in a legislation upon those matters. Mr. Mathai himself has brought here one or two amending Bills. I think Mr. Moothedan has also brought certain amending Bills, more than once, and the views of the Government have been expressed when these Bills were discussed. The only point on which the Government have thought that some sort of more equitable treatment should be given to the tenants is the point concerning *verumpattam* tenants. On this point they are going to introduce the Verumpattam Tenants Bill, which is under drafting. In other respects, the Government have not thought till now that there exists any inequity. For these reasons I have to oppose the resolution on behalf of the Government. I would say that it is a matter for any member of the Council who feels that there exists inequity on any particular point, to bring in a Bill upon that particular point. Government do not feel any necessity for a Bill to amend every aspect of the tenancy law.

മിസ്റ്റർ വി. ജെ. മത്തായി: സർ, നിലവിലിരിക്കുന്ന കൊച്ചി കുടിയാൻ ആക്ട് ഭേദഗതി ചെയ്യേണ്ടതു ആവശ്യമാണൊ എന്നുള്ള ഒരു പ്രശ്നം മാത്രമെ ഈ നിയമസഭയുടെ ആലോചനക്കു വിഷയീഭവിച്ചിട്ടുള്ളു. അനുദ്യോഗസ്ഥപക്ഷത്തു നിന്നും അനവധി കാര്യങ്ങൾ ഈ കുടിയാൻ ആക്ടിനെ പരിഷ്കരിക്കേണ്ടതിനുണ്ടെന്നു ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും കഴിഞ്ഞിട്ടു ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകൾ പറയുന്നു ഈ പ്രമേയത്തിന്റെ അർത്ഥം ശരിക്കു വ്യക്തമായിട്ടില്ലയെന്നു്. അതു മനസ്സിലാക്കുന്നതിനു അവതാരകന്റെ ഹൃദയങ്ങൾ പരിശോധിക്കണമെന്നു അദ്ദേഹം പറയുന്നു. ഇതു പറയുന്ന ആൾക്കു ഹൃദയമില്ലെന്നുമാത്രമേ എനിക്കു പറയുവാനുള്ളു. ഇങ്ങിനെ ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകൾ പറയുമ്പോൾ എനിക്കു് ഒരു സംഗതി ഓർമ്മവരുന്നു. ഒരു പ്രോനോട്ടിന്റെ അന്യായം കൊണ്ടുവന്നാൽ അതു കൊടുക്കാതിരിക്കാനായി ചിലപ്പോൾ അതു എഴുതി കൊടുത്തിട്ടില്ലെന്നു വാദിക്കും. അതുമില്ലെങ്കിൽ പണം കൊടുത്തുപോയി എന്നു വാദിക്കും. അതുകൊണ്ടും രക്ഷയില്ലെന്നു കണ്ടാൽ അന്യായത്തിനു് പിശകുണ്ടെന്നു വാദിക്കും. അതുപോലെയാണു് ദിവാൻപേഷ്കാർ അവർകൾ ഈ പ്രമേയത്തെ എതിർക്കുന്നതിനു ഓരോ കാരണം പറഞ്ഞതു്. എത്ര കായ്ത്തിനു ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നാലും ഗവർമ്മെണ്ടു അതിനു ഒരു ദോഷം പറയാതിരിക്കയില്ല. നിയമങ്ങളിൽ കാണുന്ന ദുഷ്യങ്ങളെ ചൂണ്ടിക്കാണിച്ചു അതിനെ ഇന്നവിധം പരിഷ്കരിക്കണമെന്നു പറഞ്ഞാൽ അതു ശരിയല്ല എന്നുള്ള ദോഷം പറയും. അതൊന്നുംകൂടാതെ സർവ്വസംഗതികളും ഗവർമ്മെണ്ടു ആലോചിച്ചു് ഒന്നു പരിഷ്കരിക്കണമെന്നു പറഞ്ഞപ്പോൾ പ്രത്യേകമായിട്ടു ഒരു സംഗതി പറഞ്ഞിട്ടില്ല എന്നു പറയുകയായി. ഞാൻ ചോദിക്കുന്നതു് നിയമസഭയുള്ളതു എന്തിനാണെന്നാണു്. നിയമത്തിൽ കാണുന്ന പിശകുകളെ, ദോഷങ്ങളെ, അല്ലെങ്കിൽ അസമതകളെ ഇല്ലായ്മചെയ്യണമെന്നുണ്ടെങ്കിൽ അതു ചെയ്യുന്നതിനാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Madhava Prabhu *(Diwan Peishkar)*: Government is bringing what is considered necessary.

മിസ്റ്റർ വി. ജെ. മത്തായി: അതുമാത്രം പറഞ്ഞാൽ മതിയായിരുന്നു. ഈ ന്യൂനത മാത്രമെ കാണാനുള്ളു. മറ്റു യാതൊരു ദോഷവും ഇതിൽ കാണുന്നില്ല എന്നു പറഞ്ഞിരുന്നെങ്കിൽ നിങ്ങൾ പറയുന്നതു് ഏറ്റവുമറെ ഞങ്ങൾക്കും മനസ്സിലാകുമായിരുന്നു.

മിസ്റ്റർ മൂത്തേടൻ വളരെ ഗൌരവമായ രണ്ടു മൂന്നു കാര്യങ്ങൾ നിയമസഭയുടെ ദൃഷ്ടിയിൽ വിശ്വസിപ്പിച്ചിട്ടുണ്ടു്. പണയ വസ്തുക്കൾ, കാണവസ്തുക്കൾ, ചാത്തവകാശങ്ങളുള്ള വസ്തുക്കൾ ഇതുപോലെയുള്ള വസ്തുക്കൾ സർക്കാരിലേക്കു പബ്ലിക്കുപയോഗത്തിനുവേണ്ടി എടുക്കുമ്പോൾ അതിന്റെ പ്രതിഫലം ജന്മിയും കുടിയാനുംതമ്മിൽ എങ്ങിനെയാണു് ഭാഗിച്ചു എടുക്കേണ്ടതു എന്നതിനെപ്പറ്റി കൂടിയാൻ ആക്ടിൽ ഒരുഭാഗത്തും പറഞ്ഞിട്ടില്ല. അതൊരു ന്യൂനതയല്ലേ ?

Mr. A. Madhava Prabhu *(Diwan Peishkar)*: There is already a judicial pronouncement upon it.

മിസ്റ്റർ വി. ജെ. മത്തായി: അതുതന്നെയാണു എന്റേയും പക്ഷം. നിയമവ്യാഖ്യാനവും കോടതിയിൽ വിധിക്കുന്നതിനുള്ള ന്യായവും തമ്മിൽ വ്യത്യാസമുണ്ടെന്നു ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ പറിയാം. ഇവിടെയുണ്ടാക്കുന്ന നിയമങ്ങളെ വ്യാഖ്യാനിക്കാനുള്ള അധികാരമെ കോടതിക്കുള്ളു. വ്യാഖ്യാനങ്ങൾ തെറ്റാണെങ്കിൽ അതു് ശരിയാക്കുന്നതിനുവേണ്ടനിയമം ഉണ്ടാക്കാനുള്ള അധികാരം നിയമസഭക്കാണു്. അതുപോലെ വ്യാഖ്യാനം ശരിയല്ലെന്നു വാദിക്കുവാൻ എനിക്കധികാരമില്ലെങ്കിലും കോടതി കൊടുക്കുന്നതു പോരെന്നും അതുകൊണ്ടു് അതു് ശരിയാക്കണമെന്നും വാദിക്കുന്നതിനു എനിക്കധികാരമുണ്ടു്. ഇതിനെല്ലാറ്റിനുംപുറമെ ചില കാണത്തിനു സ്ഥിരാവകാശമില്ല; എന്നാൽ ചിലതിനു സ്ഥിരാവകാശമുണ്ടു്. ഇതിനെപ്പറ്റിയൊക്കെ ആലോചിച്ചു വേണ്ട ഭേദഗതി കൂടിയാൻ ആക്ടിൽ വരുത്തേണ്ടതല്ലേ ?

പിന്നെ ആറാഴ്ചകൾക്കു പ്രതിഫലം കൊടുക്കേണ്ട കാര്യത്തെപ്പറ്റി ഇപ്പോഴത്തെ നിയമത്തിൽ ഒരു വകുപ്പുണ്ടു്. ആ വകുപ്പിൽ പറയാത്ത പല നൂതനമായിട്ടുള്ള കൃഷികളും ഇവിടെ നടത്തുന്നുണ്ടു്. അങ്ങിനെയുള്ള നൂതന കൃഷികൾക്കു എന്താണു് പ്രതിഫലം കൊടുക്കേണ്ടതു എന്നുള്ളതിനെപ്പറ്റി യാതൊരു വിവരവും ആ വകുപ്പിൽ ഇല്ല. അതിൽ പറഞ്ഞിട്ടുള്ളതു് പ്രധാനമായി തെങ്ങു്, കവുങ്ങു്, നെല്ലു്, കുരുമുളകു് എന്നീ കൃഷികളെപ്പറ്റിയാണു്. ആ നിയമം ഉണ്ടാക്കിയിട്ടുള്ളതു് ഫാമിൻ-ൽ ആണു്. അതിനുശേഷം പല നൂതന കൃഷികളും ഇവിടെയുണ്ടായിട്ടുണ്ടു്. കശുവിൻമാവിനു അന്നു പ്രാധാന്യമുണ്ടായിരുന്നില്ലെങ്കിലും ഇന്നു ഒരു പ്രധാന കൃഷിയാണു് അതു്. പണ്ടു് അതിൽനിന്നു കിട്ടിയിരുന്ന ആദായവും വളരെ തുച്ഛമായിരുന്നു. ഇന്നു ഒരുകണ്ടി കശുവണ്ടിക്കു ൩൦ ക. വരെ വിലയുണ്ടു്. കശുവിൻ മാവിനു വെറുതെ വിറകുവില കിട്ടുവാൻമാത്രമെ ഇപ്പോൾ അവകാശമുള്ളു. അതിനെ പരിഷ്കരിക്കേണ്ടതാണു്, അതുപോലെ റബ്ബർ കൃഷിയെപ്പറ്റിയാണെങ്കിൽ യാതൊരു വ്യവസ്ഥയും ഇപ്പോഴത്തെ കൂടിയാൻ നിയമത്തിലില്ല. ഒരേക്കർ സ്ഥലത്തു റബ്ബർ കൃഷിചെയ്താൽ ൪൦൦ ക. മുതൽ ൪൦൦൦ ക. വരെ ആദായം കിട്ടുന്നുണ്ടു്. അതുപോലെ സ്ഥലങ്ങൾ ജന്മികൾക്കു വിറകുവില കൊടുത്തു ഒഴിപ്പിച്ചെടുക്കുവാൻ സാധിക്കുന്ന ഒരു നിയമമുള്ളതു വളരെ അനീതിയാണു്. ഈ മാതിരി കാര്യത്തെപ്പറ്റി ആലോചിച്ചതുകൊണ്ടാണു

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങിനെ ഒരു റസല്യൂഷൻ ഇവിടെ കൊണ്ടുവരുവാനിടയായതു്. ആ സ്ഥിതിക്കു ഇതിന്റെ ഉദ്ദേശം മനസ്സിലായില്ല എന്നു പറയുന്നതു തീരെ മര്യാദയല്ല. ഇതിന്റെ ഉദ്ദേശം മനസിലാക്കിയില്ല എന്നു പറയുന്നതു് വളരെ സങ്കടമാണു്. ഹൃദയമില്ലാത്തവരേ അങ്ങിനെ പറയുകയുള്ളു. അതായതു് ഒരു കൊല്ലത്തിൽ സുഃഖ. യും മറവും ആദായം കിട്ടുന്ന സ്ഥലം വിറകുവിലക്കു ഒഴിപ്പിച്ചു കൊണ്ടുപോകുന്നതു് വളരെ സങ്കടമാണു്. അതു് മാറണമെന്നെ ഞാൻ പറയുന്നുള്ളു.

ഇനി ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഈ നിയമത്തിൽ ൨൦-ാം വകുപ്പു് (g)-ൽ പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണു്: "the relation that any para or other measure according to which the *michavaram* is to be paid bears to the standard measure prescribed by Government."

കൊച്ചിരാജ്യമൊട്ടുക്കു നെല്ലു അളന്നു കൊടുക്കുന്നതിനു ശ്രമീകൃതമായ ഒരു പറയുണ്ടു്. പാട്ടവക നെല്ലു കൊടുക്കണമെങ്കിൽ അതു് ജന്മിയുടെ പറക്കു അളന്നു കൊടുക്കണം. സാധാരണ പറക്കു കൊടുത്താൽ പോര. ജന്മി കൊണ്ടുവരുന്ന പറയുടെ അരുകു് ഒരു കത്തികൊണ്ടു ഒന്നു ചുരണ്ടിയാൽ സാധാരണ ഓരോ പറയിലും കൂടുതലായി ഒന്നു രണ്ടു ഇടങ്ങഴി നെല്ലുകൂടി കൊള്ളും. എന്താണു് ഈ വ്യത്യാസം? ഇതു് ഭേദഗതി ചെയ്യേണ്ടതാണു്. ഇങ്ങിനെയുള്ള പല സംഗതികളും ഇപ്പോഴത്തെ നിയമത്തിൽ ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ടു്.

അതുപോലെ ൩൨-ാം വകുപ്പുപ്രകാരം കരണത്തിൽ എഴുതീട്ടുള്ളതുപോലെ തന്നെ പ്രവൃത്തിക്കണമെന്നു നിഷ്കൃഷ്ടയുണ്ടു്. കൊമ്പുചക്കയെന്നു പറഞ്ഞാൽ കൊമ്പുചക്കതന്നെ കൊടുക്കണം. കുടിയാനെ ബുദ്ധിമുട്ടിക്കാനുള്ള സകല നിയമങ്ങളും ഇപ്പോഴത്തെ കുടിയാൻ ആക്ടിലുണ്ടു്. എന്റെ അനുഭവത്തിലുള്ള ഒരു കാര്യം പറയാം. കൊമ്പുചക്ക കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതിനു കൊമ്പുചക്ക കൊടുത്തിട്ടു പോരാതെ പ്ലാവിലുള്ള ചക്ക മുഴുവനും ജന്മി മുറിച്ചുകൊണ്ടുപോയിട്ടുണ്ടു്. ഇങ്ങിനെയൊക്കെ ഇവിടെ നടക്കുന്നുണ്ടു്. ഗവമ്മെണ്ടു് പറയുമായിരിക്കും അങ്ങിനെയുള്ള യാതൊരാക്ഷേപവും ഗവമ്മെണ്ടിന്റെ അടുത്തു കിട്ടിയിട്ടില്ലെന്നു്. ഗവമ്മെണ്ടിൽ ആക്ഷേപം കൊടുക്കണമെങ്കിലും കേസു കൊടുക്കണമെങ്കിലും അതിനു ധനശക്തി വേണം. അതു് തെളിയിക്കുന്നതിനാവശ്യമുള്ള സാക്ഷികളെ ഉണ്ടാക്കണം. അതിനുള്ള ബുദ്ധിമുട്ടുകൊണ്ടാണു് ആരും അതിനു തുനിയാത്തതു്. ഇനി അധികമൊന്നും ഇതിനെപ്പറ്റി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ചുരുക്കി പറയുകയാണെങ്കിൽ കൊച്ചി കുടിയായ്മനിയമം കാലസ്ഥിതിക്കൊത്തവണ്ണം ഭേദഗതിചെയ്യേണ്ടതു അത്യാവശ്യമാണു് അതു് വേണ്ടതുപോലെ ആലോചിച്ചു ഗവമ്മെണ്ടുതന്നെ ചെയ്യണമെന്നുള്ളതാണു് ഇവിടത്തെ പ്രശ്നം. അതുകൊണ്ടു് കർഷകന്മാരുടെ യഥാർത്ഥ ബന്ധുവായിട്ടുള്ള നിയമസഭാ സാമാജികന്മാരെല്ലാം ഈ പ്രമേയത്തെ പിന്താങ്ങി ഇവിടെ പാസ്സാക്കിത്തരണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

Resolution put and carried

LIBRARY ARCHIVES Kerala Legislative Assembly